പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2186 18.12.2012 ൽ മറുപടിയ്ക്ക്

# വൈക്കം സബ് സ്റ്റേഷന്റെ സമീപമുള്ള വിദ്യുച്ഛക്തി ബോർഡിന്റെ ക്വാർട്ടേഴ്സുകൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.അജിത്. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈക്കം സബ്സ്റ്റേഷനു സമീപം വിദ്യുച്ഛക്തി ബോർഡിന്റെ എത്ര ക്വാർട്ടേഴ്സുകൾ ഉണ്ടെന്നും അതിൽ താമസയോഗ്യമുള്ള ക്വാർട്ടേഴ്സുകൾ എത്രയെന്നും വെളിപ്പെടുത്താമോ; | (എ) വൈക്കം സബ്സ്റ്റേഷന്റെ പരിസരത്ത് ആകെ 18 ക്വാർട്ടേഴ്സുകളാണുള്ളത്. അതിൽ താമസയോഗ്യമായത് 13 എണ്ണമാണ്. 13 എണ്ണത്തിലും താമസക്കാരുണ്ട്. 2 ക്വാർട്ടേഴ്സുകളുടെ അടിത്തറ താഴ്ന്ന പോയതിനാൽ അവ പൊളിച്ചുമാറ്റാൻ മാത്രമേ സാധിക്കുകയുള്ളൂ. ബാക്കി മൂന്നെണ്ണം പുനരുദ്ധരിച്ച് യോഗ്യമാക്കാവുന്നതാണ്. |
| (ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) മൂന്ന് ക്വാർട്ടേഴ്സുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) വൈദ്യുതി ബോർഡിന്റെ പ്രസ്തുത ക്വാർട്ടേഴ്സുകൾ മറ്റു വകുപ്പുകളിലെ ജീവനക്കാർക്ക് നിബന്ധനകളോടെ അനുവദിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) പുനരുദ്ധാരണത്തിനു ശേഷം ഈ ക്വാർട്ടേഴ്സുകൾ ബോർഡു ജീവനക്കാർക്കു തന്നെ താമസത്തിനാവശ്യമാണ്. |

സെക്ഷൻ ഓഫീസർ.